പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**പോലീസ് വകുപ്പിലെ പരിശീലന കാലയളവ്**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5049. 27/6/2019-ൽ മറുപടിക്ക്**

**ചോദ്യം** — **ശ്രീ.അനൂപ് ജേക്കബ്**

**മറുപടി** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പോലീസ് വകുപ്പിൽ ഏതെല്ലാം തസ്തികകളിലെ പരിശീലന കാലയളവാണ് ഇൻ-സർവ്വീസ് കാലയളവായി പരിഗണിക്കുന്നതെന്ന് അറിയിക്കുമോ; ഇത്തരത്തിലുള്ള കാലയളവിന് മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ; | (എ) | പോലീസ് വകുപ്പിൽ ചീഫ് ഫോട്ടോഗ്രാഫർ, ഫോട്ടോഗ്രാഫർ, സയന്റിഫിക് ഓഫീസർ എഫ്.എസ്.എൽ, ഫിംഗർപ്രിന്റ് സെർച്ചർ, ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികകളുടെ പരിശീലന കാലയളവ് നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഇൻ-സർവ്വീസ് കാലയളവായി പരിഗണിച്ച് വരുന്നു. മുൻകാല പ്രാബല്യം നൽകുന്നില്ല. |
| (ബി) | ഇപ്രകാരമുള്ള പരിശീലന കാലയളവ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം പി.എസ്.സി. വഴി വകുപ്പ് മാറി നിയമനം ലഭിച്ചവർക്ക് പുതിയ വകുപ്പിൽ പ്രസ്തുത പരിശീലന കാലയളവ് ഇൻ-സർവ്വീസ് കാലയളവായി പരിഗണിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | പൊതുഖജനാവിൽ നിന്നും ലക്ഷക്കണക്കിന് തുക ചെലവാക്കി പരിശീലനം നൽകുന്നതിനോടൊപ്പം തന്നെ പരിശീലന സമയത്ത് സ്റ്റൈഫന്റും നൽകുന്നത് പൊതുജനസേവനത്തിനായി സേനയെ സഹായിക്കുന്നതിനാണ്. എന്നാൽ പരിശീലനത്തിന് ശേഷം സേവനത്തിനുള്ള ബോണ്ട് വ്യവസ്ഥ റദ്ദാക്കിയും, ജോലി രാജി വച്ചും മറ്റും സേനയിൽ നിന്നും മറ്റു ജോലികൾക്ക് പോകുന്നവർക്ക് സേവനം നടത്താത്ത പ്രസ്തുത പരിശീലന കാലയളവ് സേവനമായി കണക്കാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ